**തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാരുടെ പൊതുകേഡർ രൂപീകരണം**

106(1108) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പൊതുകേഡർ രൂപീകരിക്കുന്നതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ എന്നിവയെ പൊതുകേഡർ രൂപീകരണം എപ്രകാരം ബാധിക്കുമെന്നതിന്റെ വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പ്രാരംഭ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

**ക്ലീൻ കേരള കമ്പനി**

107(1109) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവഴി നടത്തിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 30-3-2013-ലെ 135/2015/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2013-ലെ ഇന്ത്യൻ കമ്പനീസ് ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി രജിസ്റ്റർ ചെയ്ത് 13-12-2013 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ നഗരങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ആധുനിക

LIBRARY ARCHIVES Kerala Legislative Assembly